# ബൈബിൾ ട്രൂത്ത്



**ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരൂ. റോമർ 3:3**

| വിശ്വാസ പ്രമാണം ആവശ്യമാണ് 'എങ്കിൽ'... | മനുഷ്യർക്ക് അധികാരം ഉണ്ട് 'എങ്കിൽ'... | ഏതെങ്കിലും പേർ മതി 'എങ്കിൽ'... | രക്ഷ സഭയ്ക്കു പുറത്ത് ഉണ്ട് 'എങ്കിൽ'... | നിങ്ങൾ രക്ഷ മാറ്റി വെക്കുന്നു 'എങ്കിൽ'... |
|---|---|---|---|---|
| 2 തിമൊ. 3:16<br>2 പത്രൊ. 1:3<br>2 യോഹ. 9<br>(X) എന്തുകൊണ്ട്?<br>മത്തായി 15:9<br>ഗലാ. 1:10 | മത്തായി 28:18<br>പ്രവൃത്തികൾ<br>3:22, 23<br>(X) എന്തുകൊണ്ട്?<br>ഗലാ. 1:6–8<br>എഫെ. 1:22, 23 | യെശ. 62:2<br>പ്രവൃത്തികൾ<br>11:26; 4:12<br>(X) എന്തുകൊണ്ട്?<br>യാക്കൊ. 2:7<br>1 പത്രൊ. 4:16 | പ്രവൃത്തികൾ<br>2:38<br>1 പത്രൊ. 3:21<br>(X) എന്തുകൊണ്ട്?<br>പ്രവൃത്തികൾ 22:16<br>റോമർ 6:4–6 | റോമർ 10:17<br>എബ്രാ. 11:6<br>11:31<br>(X) എന്തുകൊണ്ട്?<br>മത്തായി 10:32<br>ഗലാ. 3:27 |

# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000
**Published by Church of Christ**
പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 26** **December 2012** **No.9**

# എഡിറ്റോറിയൽ

സ്ത്രീയായാലും പുരുഷനായാലും, ഓരോരുത്തർ അവനവനെ മനസിലാക്കുന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. ദൈവം ആദ്യം പുരുഷനെ സൃഷ്ടിച്ചിട്ട് പുരുഷനിൽനിന്നാണ് സ്ത്രീയെ മെനഞ്ഞുണ്ടാക്കിയത്. പുരുഷനുവേണ്ടിയാണ് സ്ത്രീയെ ഉണ്ടാക്കിയത് എന്ന കാര്യം പലരും മറക്കുകയാണ്. അപ്പോൾ സൃഷ്ടിത്വക്രമം നാം അറിയാതെ പോകരുത്. ദൈവം എന്തുദ്ദേശിച്ചാണ് സൃഷ്ടിത്വം നടത്തിയിരിക്കുന്നത് എന്ന് എല്ലാവരും തിരിച്ചറിയണം. അപ്പോഴാണ് വ്യക്തികളുടെ പ്രാധാന്യം നാം മനസിലാക്കുന്നത്. തികച്ചും ആത്മിയ ഉദ്ദേശങ്ങൾക്കായിട്ടാണ് ദൈവം മനുഷ്യരെ ഈ ഭൂമിയിലാക്കിയത്. ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കുക എന്നതാണ് മുഖ്യമായ കാര്യം. പുരുഷന്റേയും സ്ത്രീയുടേയും ധർമ്മം അതാണ്. നമ്മുടെ തോന്നലുകൾക്കോ ബുദ്ധിപരമായ കഴിവുകൾക്കോ പ്രാധാന്യമില്ല. കാരണം നാം എല്ലാവരും കുശവന്റെ കയ്യിലെ കളിമണ്ണുപോലെയാണ്. സൃഷ്ടികർത്താവിന്റെ കരവിരുതനുസരിച്ച് അവന്റെ ഇഷ്ടത്തിനു വിധേയമായി കഴിയേണ്ടവരാണ് നാം. അതിനർത്ഥം നമുക്ക് സ്വാതന്ത്ര്യമില്ല എന്നല്ല.

ദൈവേഷ്ടത്തിനു കീഴ്പ്പെടുക എന്നതാണ് നമ്മുടെ സ്വാതന്ത്ര്യം.നമ്മെ ജീവിക്കുവാൻ അനുവദിച്ചിരിക്കുന്ന സർവ്വശക്തനെ അനുസരിക്കുക എന്നതാണ് നമ്മെ സംബന്ധിച്ച മുഖ്യമായ കടമ. പുരുഷനെയും സ്ത്രീയെയും ചില ചുമതലകൾ ഏൽപിച്ചിരിക്കയാണ്. അത് രണ്ട് പേരും അങ്ങനെ തന്നെ നിറവേറ്റണം. അതു പരസ്പരം മാറ്റുവാനോ, ഒരാൾ മറ്റൊരാളുടേതിൽ കൈകടത്തുവാനോ ശ്രമിക്കരുത്. അങ്ങനെ ശ്രമിച്ചാൽ അത് നിയമലംഘനമായി ദൈവം കണക്കിടും എന്ന

കാര്യം മറക്കരുത്.നിലവിലുള്ള നിയമവ്യവസ്ഥ ഓരോ പൗരനും അനുസരിക്കുവാൻ ബാധ്യസ്ഥനാണ്. അതുപോലെ ക്രിസ്തുവിന്റെ രാജ്യത്തിലെ ഓരോ പൗരനും രാജാവായ ക്രിസ്തുവിനെ അനുസരിക്കണം. ഇല്ലെങ്കിൽ പൗരത്വാവകാശങ്ങൾ നിഷേധിക്കപ്പെടും.

സ്ത്രീപ്രസ്ഥാനങ്ങൾ ഇന്ന് ധാരാളം ലോകത്തിൽ വ്യാപിക്കുന്നുണ്ട്. അവയെല്ലാം പല രീതികളിലുള്ള അവകാശങ്ങൾക്കു വേണ്ടി നിലകൊള്ളുന്നതായിട്ടാണ് കാണപ്പെടുന്നത്. എന്നാൽ വാസ്തവത്തിലുള്ള അവകാശങ്ങൾ എന്താണെന്നും അവ എങ്ങനെ ലഭിക്കുമെന്നും അറിയാത്തവരാണ് അവർ. കാരണം ദൈവം സ്ത്രീകൾക്ക് പ്രത്യേകമായ പല വാഗ്ദാനങ്ങളും നൽകുന്നുണ്ട്. ഉദാഹരണമായി പുത്രോൽപാദനം സ്ത്രീ മുഖാന്തരമാണ് നടക്കുന്നത്. സ്ത്രീക്ക് മാത്രമെ ഗർഭം ധരിക്കുവാൻ കഴിയു. ദൈവം അത്തരത്തിലാണ് സ്ത്രീയെ രൂപപ്പെടുത്തിയിരിക്കുന്നത്. പുരുഷന് അത് അസാധ്യമാണ്. എന്നാൽ പുരുഷനെ കൂടാതെ ഗർഭം ധരിക്കുക അസാധ്യവുമാണ്. ഇത് ദൈവത്തിന്റെ പദ്ധതിയാണ്. അതിനെ മാറ്റുവാൻ മറ്റൊരു ശക്തിക്കും സാധ്യമല്ല. ആദ്യമായി സ്ത്രീ പാപത്തിനിരയായതുകൊണ്ട് ദൈവം നായകത്വ ചുമതല പുരുഷനെ ആണ് ഏൽപിച്ചിരിക്കുന്നത്.

ചില മതവിഭാഗങ്ങൾ ഇന്ന് സ്ത്രീകളെ വനിതാബിഷപ്പുമാരായി നിയമിക്കുന്നുണ്ട്. ദൈവനിയമം എന്തെന്നാൽ കുടുംബത്തിലായാലും സഭയിലായാലും നയിക്കുന്നത് പുരുഷന്മാരായിരിക്കണം. സ്ത്രീകൾ കീഴ്പ്പെട്ടിരിക്കണം എന്നാണ് ദൈവം തിരുവെഴുത്തിൽ അറിയിച്ചിരിക്കുന്നത്. ഇത് കാര്യങ്ങൾ ശരിയായി പോകേണ്ടതിനാണ് ദൈവം നിശ്ചയിച്ചിരിക്കുന്നത്. മനുഷ്യർക്ക് ഏറ്റവും നല്ലത് ഏതാണെന്ന് നമ്മേക്കാൾ നന്നായി അറിയാവുന്നത് ദൈവത്തിനാണ്. അതുകൊണ്ട് ഏത് ഉപദേശത്തേക്കാളും ദൈവത്തിന്റെ ഉപദേശമാണ് സ്വീകാര്യം. പുരുഷന്റെ മേൽ അധികാരം നടത്തുവാൻ സ്ത്രീയെ അനുവദിക്കുന്നില്ല എന്ന് തിരുവെഴുത്ത് കർശനമായി പറഞ്ഞിരിക്കുമ്പോൾ, അതിനെ ലംഘിക്കുവാൻ മനുഷ്യർക്ക് അവകാശമില്ല. വിദേശരാജ്യങ്ങളിൽ ആയാലും സ്വദേശത്തായാലും സകല മനുഷ്യരും ദൈവനിയമത്തിന് കീഴ്പ്പെടണം. ദൈവനിയമത്തിനെതിരായി ജീവിക്കുന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ പ്രശ്നം. ദൈവത്തിനെതിരായുള്ള ഏതൊരു നീക്കവും കുഴപ്പമുണ്ടാക്കും എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. എല്ലാവരും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും രക്ഷപ്രാപിപ്പാനും ശ്രമിക്കണം.

✶

# സഭയുടെ ആരംഭം എവിടെ

## *J.C.* ചോട്ട്

ലോകത്തിൽ അനവധി സഭകൾ ഉണ്ടെങ്കിലും ബൈബിളിൽ ഒരേ ഒരു സഭയാണുള്ളത് (എഫേസ്യർ 4:4). ഏതാണ് ശരിയായ ഒന്ന്? സഭ എപ്പോൾ ആരംഭിച്ചു. എങ്ങനെ ആരംഭിച്ചു എന്നു തുടങ്ങിയ ധാരാളം തിരിച്ചറിയാനുള്ള വഴികളിൽ ഒന്ന് അതെവിടെ ആരംഭിച്ചു എന്നു കണ്ടെത്തുകയാണ്. ഓരോ സഭയിക്കും അതുണ്ടാകും. ബൈബിളിലെ ഏക സഭയ്ക്കും ഒരു ആരംഭമുണ്ട്.

കർത്താവിന്റെ രാജ്യം വരുന്നതിനെ കുറിച്ച് പഴയ നിയമ പ്രവാചകന്മാർ സംസാരിച്ചിട്ടുണ്ട്. "അന്ത്യ കാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവുമായിരിക്കും; സകല ജാതികളും അതിലേക്കു ഒഴുകിച്ചെല്ലും. അനേക വംശങ്ങളും ചെന്നു: വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം. അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചു തരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽ നിന്നു ഉപദേശവും യെരുശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും (യെശയ്യാവ് 2:2,3).

കർത്താവിന്റെ ആത്മീയ രാജ്യമാകുന്ന സഭയുടെ സ്ഥാപനത്തെ കുറിച്ചുള്ള പ്രവചനമായിരുന്നു അത്. അന്ത്യകാലത്താണ് അതു വരുന്നതെന്നു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. അതു നടക്കുന്നതു യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയ്ക്കു ശേഷമാണ്. അതു പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. കർത്താവിന്റെ ആലയത്തെ, തന്റെ ഭവനം, സഭ എന്നിങ്ങനെ വിവിധ രൂപത്തിൽ വിശദീകരിച്ചിട്ടുണ്ട്. പർവ്വതങ്ങളുടെ ശിഖരം എന്നതു യെരുശലേമിനെ സൂചിപ്പിച്ചിരിക്കയാണ്. സകല ജാതികളും അതിലേക്കു ഒഴുകിച്ചെല്ലും എന്നുകൂടെ അരുളിച്ചെയ്തിട്ടുണ്ട്. സീയോനിൽ നിന്നു ഉപദേശവും യെരുശലേമിൽ നിന്നു

കർത്താവിന്റെ വചനവും പുറപ്പെടും എന്നതും പ്രത്യേകം ശ്രദ്ധി ക്കേണ്ടതാണ്.

ക്രിസ്തു മരിച്ച് അടക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റ ശേഷം തന്റെ അപ്പോസ്തലന്മാർക്കു പ്രത്യക്ഷനായി പറഞ്ഞതെന്തെന്നാൽ: ഇതാകുന്നു നിങ്ങളോടു കൂടെയിരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്ക്. മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ചു എഴുതിയിരിക്കുന്നതു ഒക്കെയും നിവർത്തിയാകേണം എന്നുള്ളതു തന്നെ എന്നു പറഞ്ഞു. തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിനു അവരുടെ ബുദ്ധിയെ തുറന്നു. ക്രിസ്തു കഷ്ടം അനുഭവിക്കയും മൂന്നാം നാൾ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേൽക്കയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു. ഇതിനു നിങ്ങൾ സാക്ഷികൾ ആകുന്നു. തന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പ് യേശു അപ്പോസ്തലന്മാരോടു പറയുകയുണ്ടായി: എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു (പ്രവൃത്തി 1:8).

അപ്പോസ്തല പ്രവൃത്തികൾ ഒന്നും രണ്ടും അദ്ധ്യായങ്ങൾ വായിച്ചാൽ, ക്രിസ്തുവിന്റെ ഉയിർപ്പിനുശേഷം അപ്പോസ്തലന്മാർ യെരുശലേമിൽ കൂടിയിരുന്നതായി നാം കാണുന്നു. അതു പെന്തെക്കൊസ്തു നാളിൽ ആയിരുന്നു. യെരുശലേമിൽ പെന്തെക്കൊസ്തു പെരുന്നാൽ ആഘോഷിപ്പാൻ ലോകത്തിലെങ്ങുമുള്ള യെഹൂദന്മാർ കൂടിവന്നിരുന്നു. പരിശുദ്ധാത്മാവ് അപ്പോസ്തലന്മാരിൽ പകരുകയും അവർ അവിടെ കൂടിവന്നവരുടെ ഭാഷകളിൽ സംസാരിക്കയും ചെയ്തു. യേശുക്രിസ്തുവിനെ കുറിച്ചായിരുന്നു പ്രസംഗം. അന്നു അവിടെ കൂടിയിരുന്ന 3,000 പേർ വചനം കേട്ടു വിശ്വസിച്ചു, മാനസാന്തരപ്പെട്ടു, സ്നാനപ്പെടുകയും ചെയ്തു. കർത്താവ് രക്ഷിക്കപ്പെട്ടവരെ ദിനമ്പ്രതി സഭയിലേക്കു ചേർക്കുകയും ചെയ്തു (പ്രവൃത്തി 2: 47).

അങ്ങനെ എ. ഡി. 33- ൽ യെരുശലേമിൽ സഭ ആരംഭിച്ചു.

സുവിശേഷം അവിടെ നിന്നും വ്യാപരിച്ചു ലോകത്തിന്റെ നാനാ ഭാഗങ്ങളിലേക്കു എത്തുകയും ചെയ്തു.

പക്ഷെ 6-ാം നൂറ്റാണ്ടായതോടുകൂടെ കർത്താവിന്റെ സഭകൾ ഭൂരിഭാഗവും വീണുപോയി എന്നു പറയാം. തുടർന്നു കത്തോലിക്കാ സഭ എന്നു അറിയപ്പെടാൻ തുടങ്ങി. പിന്നീട് അത് റോമാ, ഗ്രീക്ക്, ഓർത്തഡോക്സ് എന്നീ പിരിവുകൾ ഉണ്ടായി. ആയിരത്തി അഞ്ഞൂറു വർഷങ്ങൾക്കുശേഷം മാർട്ടിൻ ലൂഥർ കത്തോലിക്കാ സഭയെ നവോത്ഥരിക്കാൻ ശ്രമം നടത്തി. അതിന്റെ ഫലമായി പ്രൊട്ടസ്റ്റന്റ് എന്നറിയപ്പെടാൻ തുടങ്ങി. അതിനുശേഷം ഓരോന്നോരോന്നായി പിരിഞ്ഞു ഇന്നു കാണുന്ന അനേകനാമധേയ വിഭാഗങ്ങൾക്കു കാരണമായി തീർന്നു.

പക്ഷെ യെരുശലേമിൽ തുടങ്ങിയ സത്യസഭയ്ക്കു എന്തു സംഭവിച്ചു? ലോകത്തിൽ അവിടവിടെയായി കുറെ പേർ കർത്താവിന്റെ വചനത്തിൽ വിശ്വസ്തരായി നിലകൊണ്ടിരുന്നു. അതു മാത്രമല്ല ലോകം ഉള്ള കാലത്തോളം സഭ നിലനിൽക്കും എന്നതു മറക്കാതിരിക്കുക. നിത്യതവരെ നിലനിൽക്കുന്ന ഒന്നാണ് കർത്താവിന്റെ സഭ (ദാനിയേൽ 2:44; 1കൊരിന്ത്യർ 15:24). യെരുശലേമിനു പുറത്ത് ആരംഭിച്ച സഭയൊന്നും കർത്താവിന്റേതല്ല. പ്രിയ സ്നേഹിതരേ, നിങ്ങളുടെ സഭ എവിടെ തുടങ്ങി? നിങ്ങൾ ബൈബിളിലെ ഏക സഭയിൽ അംഗമായി തീരാൻ ശ്രമിക്കുക.

✶

# പത്ഥ്യോപദേശം

## ഗസ് നിക്കോൾസ്

കർത്താവ് പറഞ്ഞു: ആളുകൾ തന്റെ ഉപദേശം ഇന്നതെന്നു അറിയണം എന്ന് (യോഹന്നാൻ 7:8). എല്ലാവരും അവന്റെ ഉപദേശത്തിൽ നിലനിൽക്കണമെന്നാണ് അവൻ ആഗ്രഹിക്കുന്നത്. ആരും ആ ഉപദേശം കേൾക്കുന്നതിലോ, പഠിക്കുന്നതിലോ, പരിശീലിക്കുന്നതിലോ, മടുത്തു പോകരുത്.

ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കാതെ, അതിൽ വസി

ക്കാതെ ഇരിക്കുന്നവനു ദൈവം ഇല്ല എന്നത്രെ യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നത്. "ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല; ഉപദേശത്തിൽ നിലനിൽക്കുന്നവനോ പിതാവും പുത്രനും ഉണ്ട്. ഒരുത്തൻ ഈ ഉപദേശവും കൊണ്ടല്ലാതെ നിങ്ങളുടെ അടുക്കൽ വന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്; അവനു കുശലം പറകപോലും അരുതു" (2യോഹന്നാൻ 9-10). ഭൂമിയിലുള്ള ആർക്കും ഇതു വായിച്ചുകൊണ്ടു ഉപദേശം അത്ര പ്രാധാന്യമുള്ളതല്ല എന്നു പറയാൻ പറ്റുകയില്ല. അന്യഥാ ഉപദേശിക്കരുതെന്നു ആജ്ഞാപിക്കേണ്ടതിനു പൗലൊസ് തിമൊഥെയൊസിനു എഴുതുകയുണ്ടായി.

ക്രിസ്തുവിന്റെ ഉപദേശം ഐക്യവും സമാധാനവുമാണ് വളർത്തുന്നതെങ്കിൽ ദുരുപദേശം, ഭിന്നതയും പാപവുമാണ് വളർത്തുന്നതു. "സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശ രൂപത്തിനു വിപരീതമായ ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചു കൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോടു അകന്നു മാറുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവിനെയല്ല, തങ്ങളുടെ വയറ്റിനെയത്രേ സേവിക്കയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കുടെ ഹൃദയങ്ങളെ വഞ്ചിച്ചു കളയുകയും ചെയ്യുന്നു" (റോമർ 16:17-18). അപ്പോസ്തലന്മാരാൽ ഇവർക്കു ലഭിച്ച ഉപദേശം വ്യക്തമായി മനസിലായിരുന്നു. ഉപദേശം ശരിയായി മനസിലാക്കിയില്ലെങ്കിൽ എങ്ങനെയാണ് ദുരുപദേശക്കാരനെയും പാപത്തിൽ ജീവിക്കുന്നവനേയും തിരിച്ചറിയുന്നത്? ഉപദേശത്തെ സംബന്ധിച്ച് തീർച്ചയും നിശ്ചയവും ഉണ്ടെങ്കിൽ മാത്രമെ ഇതു സാദ്ധ്യമാകു.

നമ്മൾ ശരിയാണോ എന്നറിയാത്തതിനാൽ വിശ്വാസവും ഉപദേശവും എങ്ങനെ തീർച്ചപ്പെടുത്താം എന്നു ഒരാൾ ചോദിക്കയുണ്ടായി. നമ്മൾ മാത്രം ശരി, മറ്റുള്ളവർ എല്ലാവരും തെറ്റ് എന്ന് പറയുന്നതു ശരിയല്ലല്ലോ എന്ന ഒരു താക്കീതും അതോടൊപ്പം പുറപ്പെടുവിക്കുന്നു. അതുകൊണ്ടു അവർ എല്ലാ വിഭാഗങ്ങളുമായും ആത്മീയ കൂട്ടായ്മ ആചരിക്കുന്നു. മുമ്പ് നാം വായിച്ച വേദഭാഗം ശ്രദ്ധിച്ചു വായിച്ചാൽ സാധാരണക്കാരനു തിരിച്ചറിയാം. സത്യമെന്നതും അസത്യമെന്നതും വേർതിരിച്ചറിയാം. സത്യമായ ഉപദേശം

ബൈബിളിൽ പഠിപ്പിക്കാത്തതാണ്. അതിൽ നിന്നും ഭിന്നതയുണ്ടാക്കുന്നവർ ആരാണെന്നും ഐക്യത ഉണ്ടാക്കുന്നവർ ആരാണെന്നും വേർതിരിച്ചറിയാം. ആരെ ഒഴിവാക്കണം, ആരെ ചേർക്കണം എന്നു നമുക്കറിയാം അങ്ങനെ ദുരുപദേഷ്ടാക്കളേയും ഭിന്നിപ്പ് ഉണ്ടാക്കുന്നവരെയും ഒഴിവാക്കയും ചെയ്യാം. നമുക്കു വിശ്വാസത്തെ സംബന്ധിച്ച് തീർച്ചയില്ലെങ്കിൽ നാം വിശ്വാസത്തിൽ തന്നെയോ എന്നു പരിശോധിക്കുന്നതെങ്ങനെ? (2കൊരിന്ത്യർ 13:5). ആദ്യമായി നാം തന്നെ ഉപദേശസംബന്ധമായ കാര്യങ്ങളിൽ തീർച്ചയുള്ളവരാകണം. അതിന് വചനം ശരിയായി പഠിക്കണം.

നമ്മെ പഠിപ്പിച്ച കാര്യങ്ങൾ നിശ്ചയവും തീർച്ചയും ഉള്ള കാര്യങ്ങളാണ് എന്നു ലൂക്കൊസ് വിവരിച്ചിട്ടുണ്ട് (ലൂക്കോ 1:3,4). മൂപ്പന്മാർ തങ്ങളുടെ ഇടവകയിൽപെട്ട ആളുകളെ ദുരുപദേശങ്ങളിൽ നിന്നു കാത്തു കൊള്ളാൻ പറഞ്ഞിട്ടുണ്ട്. സദുപദേശവും ദുരുപദേശവും വേർതിരിച്ചറിയാൻ പറ്റുന്നില്ലെങ്കിൽ അവർക്കെങ്ങനെ ഇതിനു കഴിയും? (പ്രവൃത്തി 20:17; 20–28). നമുക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ അറിയുന്നു എന്നു യോഹന്നാൻ എഴുതിയതു അവർക്കു തീർച്ചയുണ്ടായിരുന്നതുകൊണ്ടാണ് (1യോഹന്നാൻ 5:13). ഉപദേശം അറിഞ്ഞുകൂടാതെ, സഭയിൽ ഭിന്നതയുണ്ടാക്കുന്നവരെ ഒന്നു രണ്ടുവട്ടം ബുദ്ധിയുപദേശിച്ചശേഷം എങ്ങനെ ഒഴിവാക്കാൻ കഴിയും ? (തിത്തൊസ് 3:10,11). നമുക്കു ആരെയും വിധിക്കാൻ അധികാരമില്ല എന്നാണ് ചിലരുടെ വാദം. പക്ഷെ വചനത്തിന്റെ വെളിച്ചത്തിൽ നമുക്കു ഉറപ്പിച്ചു പറയാൻ കഴിയും പരമാധികാരം ദൈവവചനത്തിനാണെന്നു ഓർമിക്കുക. ഇതു തികച്ചും പ്രായോഗികവും ദൈവത്തിനു സ്വീകാര്യവുമത്രെ. വ്യക്തിപരമായ കർത്തവ്യങ്ങളിൽ പെടുന്ന കാര്യമാണ് ക്രിസ്തുവിന്റെ പരിജ്ഞാനത്തിലെത്തുക എന്നത്. പരിജ്ഞാനമില്ലായ്കയാലാണ് ആളുകൾ നശിച്ചുപോകുന്നത്. ഈ അന്ത്യകാലത്ത് ക്രിസ്തുവിന്റെ ഉപദേശമാണ് എല്ലാവരേയും ഭരിക്കുന്നത്. ക്രിസ്തുവിന്റെ വചനപ്രകാരമായിരിക്കും പുതിയനിയമകാലത്തുള്ളവരെ ന്യായം വിധിക്കുന്നത്.

✶

# എന്തുകൊണ്ട് ചിലർ വിശാലമായ വഴിയിൽ നടക്കുന്നു. ?

## ക്ലെം തെർമൻ

ഇടുക്കുവാതിലിലുടെ അകത്തു കടപ്പിൻ, നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽകുടെ കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവും ഉള്ളത്, അത് കണ്ടെത്തുന്നവർ ചുരുക്കവുമത്രേ (മത്തായി 7:13,14).

അനേകം പേർ വിശാലമായ വഴിയിൽകൂടെ നടന്നു നഷ്ടപ്പെടുവാൻ ഇരിക്കുന്നു എന്ന ഖേദകരമായ വസ്തുതയാണ് നമ്മുടെ കർത്താവ് ആ വേദഭാഗങ്ങളിൽ പറഞ്ഞത്. ബൈബിൾ നമ്മോടു പറയുന്നത്, "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" എന്നാണ് (യോഹന്നാൻ 3:16). വീണ്ടും പറയുന്നു, "അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവും ആകുന്നു. അവൻ സകല മനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു (1തിമൊഥെയോസ് 2:3,4). ദൈവം നമ്മെ തന്റെ സ്നേഹത്താൽ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നു. അത് അനേകം പേർ തിരിച്ചറിയുന്നില്ല. അതുകൊണ്ടാണ് അവർ വിശാലമായ വഴിയിൽ സഞ്ചരിക്കുന്നത്. എന്നാൽ അതു മാത്രമല്ല അവരുടെ ആ സഞ്ചാരത്തിനു കാരണം.

ആളുകൾ വീതിയുള്ള വഴി തിരഞ്ഞെടുക്കുന്നതിനു ദൈവത്തെ ഒരിക്കലും പഴിക്കാവുന്നതല്ല. അത് യേശുവിന്റെ കുഴപ്പവുമല്ല. നമ്മെ സ്നേഹിച്ചു വീണ്ടെടുക്കുവാൻ യേശു ക്രൂശിൽ മരിക്കുവാൻ തയ്യാറായി. അത് മനുഷ്യ വർഗ്ഗത്തോടുള്ള അവന്റെ അതീവ താൽപര്യത്തെ കാണിക്കുന്നു. അവൻ നമ്മെ സകല അധർമത്തിൽ നിന്നും വീണ്ടെടുത്തു സൽ പ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളോരു സ്വന്തജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിനു തന്നെത്താൻ നമുക്കു വേണ്ടി കൊടുത്തു (തീത്തോസ് 2:14). എന്നാൽ പിന്നെയും അനേകം

പേർ എന്തുകൊണ്ടാണ് വീതിയുള്ള വഴി തിരഞ്ഞെടുക്കുന്നത്? അതിന്റെ കാരണങ്ങൾക്ക് നാം മനുഷ്യരെ നോക്കണം കാരണം അവരിലാണ് തെറ്റുള്ളത്. ഒരാൾ രക്ഷിക്കപ്പെടാതിരിക്കുമ്പോൾ, അത് അയാളുടെ തന്നെ തെറ്റാണ്. ദൈവം എല്ലാവർക്കും രക്ഷ ഒരുക്കിയിരിക്കുന്നു. എന്നാൽ ദൈവത്തിന്റെ വഴി ആളുകൾ ധിക്കാരപൂർവ്വം നിഷേധിച്ചിരിക്കുന്നു. തിരുവെഴുത്തുകൾ പരിശോധിച്ചാൽ ധാരാളം കാരണങ്ങൾ നമുക്കു കണ്ടെത്താം.

ചിലർ തല്സമയ സുഖത്തിനുവേണ്ടി ജീവിക്കുന്നു. ഒരു കുട്ടി ആഗ്രഹിക്കുന്നത് അവന് അല്ലെങ്കിൽ അവൾക്ക് ഉടനെ കിട്ടണം. അത്തരം ചിന്താഗതി ലോകത്തിൽ പ്രായപൂർത്തിയായവരിൽ നമുക്കു കാണാം. നാം അബ്രഹാമിനെക്കുറിച്ചു വായിക്കുന്നു, "വിശ്വാസത്താൽ അബ്രഹാം തനിക്കു അവകാശമായി കിട്ടുവാനിരുന്ന ദേശത്തേക്ക് യാത്രയാവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ചു എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു. വിശ്വാസത്താൽ അവൻ വാഗ്ദത്ത ദേശത്തു ഒരു അന്യദേശത്തു എന്നപോലെ ചെന്നു വാഗ്ദത്തത്തിനു കൂട്ടവകാശികളായ യിസഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു" (എബ്രായർ 11:8-10). അവൻ അത് ഉടനെ ലഭിക്കുവാനല്ല കാത്തിരുന്നത്. അവൻ അപ്പോൾ സേവിക്കുവാനും, പിന്നീട് ആസ്വദിക്കുവാനും കാത്തിരുന്നു. ആ ഇടുങ്ങിയ വഴിയിൽകൂടെയാണ് അവന്റെ മകനും കൊച്ചു മകനും സഞ്ചരിച്ചത്. അവർ വിട്ടുപോന്നതിനെ ഓർത്തുഎങ്കിൽ മടങ്ങിപ്പോകുവാൻ ഇട ഉണ്ടായിരുന്നുവല്ലോ. അവരെ അധികം നല്ലതിനെ സ്വർഗ്ഗീയമായതിനെ തന്നേ കാംക്ഷിച്ചിരുന്നു. ആകയാൽ ദൈവം അവരുടെ ദൈവം എന്ന് വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല. അവൻ ഒരു നഗരം അവർക്കായി ഒരുക്കിയിരിക്കുന്നുവല്ലോ(എബ്രായർ 11:15,16).

അത്തരത്തിലുള്ള വിശ്വാസവും ജീവിതവുമായിരുന്നു മോശക്കും ഉണ്ടായിരുന്നത്. "വിശ്വാസത്താൽ മോശെ താൻ വളർന്നപ്പോൾ പാപത്തിന്റെ തല്ക്കാല ഭോഗത്തേക്കാൾ ദൈവ ജനത്തോടുകൂടെ കഷ്ടം അനുഭവിക്കുന്നത് തിരഞ്ഞെടുത്തു. പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ പുത്രിയുടെ മകൻ എന്ന് വിളി

ക്കപ്പെടുന്നത് നിരസിക്കയും മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും ചെയ്തു (എബ്രായർ 11:24-26). "ഇപ്പോൾ ആസ്വദിക്കുക, പിന്നെ വിലകൊടുക്കുക." എന്നു ശഠിക്കുന്ന ആളുകൾ വിശാലമായ വഴിയിൽ നടന്നാൽ അതിനുള്ള കൂലി വാങ്ങും.

നാം സന്തോഷമുള്ളവർ ആകുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. അത് നിലനിൽക്കുവാനും സ്വർഗ്ഗത്തിൽ എന്നേക്കും ആസ്വദിക്കുവാനുമാണ് ദൈവം പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പക്ഷെ ചില ആളുകൾക്ക് താല്ക്കാലികമായ സുഖമാണ് താൽപര്യം. നിത്യമായ സുഖമല്ല. പ്രവാചകൻ എഴുതി, "യഹോവേ മനുഷ്യൻ തന്റെ വഴിയും നടക്കുന്നവനു തന്റെ കാലടികളെ നേരെയാക്കുന്നതും സ്വാധീനമല്ലാ എന്ന് ഞാൻ അറിയുന്നു " (യിരമ്യാവ് 10:32). വീതിയുള്ള വഴി ഇഷ്ടപ്പെടുന്നവർക്ക് ദൈവത്തിന്റെ ശിക്ഷണവും, ഇന്ദ്രിയ-ജയ സ്വഭാവവും സ്വീകരിക്കുവാൻ കഴിയുന്നില്ല. "ഏതു ശിക്ഷയും തല്ക്കാലം സന്തോഷകരമല്ല ദുഃഖകരമത്രേ എന്നു തോന്നും. പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാന ഫലം ലഭിക്കും" (എബ്രായർ 12:11). എന്നാൽ അനേകം പേർ സ്വയം അച്ചടക്കം വരുത്താതെ "അനീതിയിൽ രസിക്കുന്നു" (2പത്രോസ് 2:13). "തങ്ങൾക്കു ബോധിച്ചതു ചെയ്യുക " എന്ന ലക്ഷ്യമുള്ളവരാണ് അധർമ്മത്തിൽ ജീവിക്കുന്നത്, അതാണ് വീതിയുള്ള വഴി.

ചിലർക്ക് തങ്ങൾ നഷ്ടപ്പെട്ടവരാണെന്ന തോന്നൽ പോലുമില്ല. ജനങ്ങളെ അവർ നഷ്ടപ്പെട്ടവരാണെന്ന് ബോധ്യപ്പെടുത്തുന്നതാണ് ഉപദേഷ്ടാക്കന്മാരുടെ ബുദ്ധിമുട്ടുള്ള ജോലി. വിശാലമായ വഴിയിൽ സഞ്ചരിക്കുന്നവർ, നഷ്ടപ്പെട്ടവരാണെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. അവർ താല്ക്കാലികമായ രക്ഷക്ക് എന്തും ചെയ്യുവാൻ തയ്യാറാകും. എന്നാൽ ഒരാൾ ആ സ്ഥിതിയിൽ തൃപ്തനായിരിക്കുന്നേടത്തോളം കാലം, അതിനു മാറ്റം വരുത്തുവാൻ ഒന്നും ചെയ്കയില്ല. കാട്ടിൽ വഴിതെറ്റിപ്പോയ ഒരാൾക്ക് ശരിയായ ദിശ കണ്ടെത്തിയാൽ മാത്രമേ അവിടെന്നിന്നു രക്ഷപ്പെടുവാൻ കഴിയുകയുള്ളു. എന്നാൽ നഷ്ടപ്പെട്ട അവസ്ഥ ഒരാൾക്ക് ബോധ്യമായില്ലാ എങ്കിൽ, അയാൾക്ക് രക്ഷപ്പെടേണ്ട ആവശ്യം തന്നെ തോന്നുകയില്ല. തങ്ങളുടെ അവസ്ഥ

നഷ്ടപ്പെട്ടു എന്നു മനസിലാക്കാത്തവർ അലഞ്ഞു തിരിഞ്ഞു ലക്ഷ്യമില്ലാതെ നടന്നുകൊണ്ടിരിക്കും. അത് ആത്മീയമായ ഗോളത്തിലും വാസ്തവമാണ്.

രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകിയിട്ടില്ല. കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങളത്രേ നിങ്ങളേയും നിങ്ങളുടെ ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതെവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറക്കുമാറാക്കിയത് (യെശയ്യാവ് 59:1,2). ഇതാണ് വീതിയുള്ള വഴിയിൽ നടക്കുന്ന ഒരാളുടെ ചിത്രം. "ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്ത് ദൈവതേജസ് ഇല്ലാത്തവരായി തീർന്നു" (റോമർ 3:23). അതുകൊണ്ട്, ഏതൊരാളുടേയും രക്ഷക്കുള്ള ആവശ്യം അത് വെളിപ്പെടുത്തിത്തരുന്നു.

മഹത്തായ ആജ്ഞയിൽ, യേശു പറഞ്ഞു, "നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകലസൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനമേൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും." (മർക്കൊസ് 16:15,16). അത് വളരെ നിസാരമല്ലേ? ആ വാഗ്ദാനം കേൾക്കുന്ന ഏതൊരാളും തന്റെ നഷ്ടപ്പെട്ട അവസ്ഥ തിരിച്ചറിയണം. അങ്ങനെയായാൽ കർത്താവ് പറഞ്ഞത് ഉടനെ ചെയ്യും. എന്നാൽ താൻ നഷ്ടപ്പെട്ടവനാണെന്നു തോന്നാതിരുന്നാൽ അവന്റെ ഭാഗത്തു നിന്നും പ്രതികരണമായി ഒന്നും ഉണ്ടാകയില്ല. കാരണം രക്ഷയുടെ ആവശ്യം അവൻ തിരിച്ചറിയുന്നില്ല. അതുകൊണ്ട് നഷ്ടപ്പെട്ട അവസ്ഥയിൽ തന്നേ അവൻ കഴിയും. നഷ്ടപ്പെട്ടവനാണെന്ന തോന്നലുണ്ടാകുന്ന വ്യക്തിയിൽ മാത്രമേ മാറ്റം സംഭവിക്കയുള്ളു.

ചിലർ വാസ്തവത്തിൽ വിശ്വസിക്കുന്നില്ല. എതിർക്കുന്ന ആളുകൾ പോലും, തങ്ങൾ യേശുവിൽ വിശ്വസിക്കുന്നു എന്ന് അവകാശപ്പെടുകയും അവൻ ചെയ്യുവാൻ പറയുന്നതു ചെയ്യാതിരിക്കയും ചെയ്യുമ്പോൾ അവർ വാസ്തവത്തിൽ വിശ്വസിക്കുന്നില്ല. ക്രിസ്തുവിന്റെ സുവിശേഷത്തിലെ കാതലായ ഭാഗമാണ് വിശ്വാസത്താലുള്ള രക്ഷ. "വിശ്വസിക്കുന്നവരെ സുവിശേഷത്തിലുള്ള ശക്തിയാലത്രേ

രക്ഷിക്കുന്നത്" (റോമർ 1:16). രക്ഷിക്കുന്ന ദൈവശക്തി പ്രവർത്തിക്കുന്നത് നാം വിശ്വസിക്കുമ്പോഴാണ്. അതുകൊണ്ടാണ് ബൈബിൾ പറയുന്നത്, "വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ"(എബ്രായർ 11:6). ആ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന വിശ്വാസനായകന്മാരെല്ലാം ദൈവം അവരോട് ചെയ്യുവാൻ പറഞ്ഞതെല്ലാം അങ്ങനെ തന്നെ ചെയ്തവരായിരുന്നു.

എന്നാൽ അനേകം പേർക്ക് ദൈവ വഴിയിൽ തൃപ്തിയില്ല. അവർ തങ്ങളുടെ തോന്നലുകൾക്കനുസരിച്ചാണ് പോകുന്നത്. "മനുഷ്യന് ഒരു വഴി ചൊവ്വായി തോന്നുന്നു; എന്നാൽ അതിന്റെ അന്ത്യമോ മരണ വഴികൾ അത്രേ" (സദൃശ്യവാക്യങ്ങൾ 14:12). ചിലർ തങ്ങളുടെ വിവേചനമനുസരിച്ചാണ് ജീവിക്കുന്നത്. അവരുടെ അനുഭവത്തിന്റേയും ജ്ഞാനത്തിന്റേയും അടിസ്ഥാനത്തിൽ അവർ തീരുമാനങ്ങൾ എടുക്കുന്നു. എന്നാൽ നമുക്കു ദൈവത്തിന്റെ രക്ഷക്കുള്ള മാർഗ്ഗ നിർദ്ദേശത്തെ തള്ളിക്കളയാവുന്നതല്ല. യേശു അപ്പോസ്തലന്മാരെ സുവിശേഷം പ്രസംഗിപ്പാൻ അയച്ചപ്പോൾ, അവൻ അവരോടു പറഞ്ഞു, "നിങ്ങളുടെ വാക്ക് കേൾക്കുന്നവൻ എന്റെ വാക്കു കേൾക്കുന്നു, നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊളളുന്നു; എന്നെ തള്ളുന്നവൻ എന്നെ അയച്ചവനെ തള്ളുന്നു" (ലൂക്കോസ് 10:16). കർത്താവിന്റെ വാക്കു വിശ്വസിക്കാത്തവരാണ് വിശാലമായ വഴിയിൽ നടക്കുന്ന പലരും. അവർ "അധരസേവ," ചെയ്യുന്നുവെങ്കിലും അവരോടു ആവശ്യപ്പെട്ടിരിക്കുന്നത് ചെയ്യുന്നില്ല.

ചിലർ തങ്ങളുടെ സൽ പ്രവൃത്തികളിൽ ആശ്രയിക്കുന്നു. തന്നെ തന്നെ രക്ഷിക്കുവാൻ ഒരു മനുഷ്യനും സാദ്ധ്യമല്ല. ഒരു മനുഷ്യനും രക്ഷക്കാവശ്യമായ സൽപ്രവൃത്തികൾ ചെയ്യുവാൻ സാദ്ധ്യമല്ല. കാരണം മനുഷ്യന്റെ നീതി പ്രവൃത്തികളെല്ലാം കറ പിരണ്ട തുണി പോലെയാണ്. ചിലരുടെ ചിന്താഗതി എന്തെന്നാൽ "ക്രിസ്ത്യാനികളാണെന്ന് അവകാശപ്പെടുന്നവർ ജീവിക്കുന്നതുപോലെ നല്ല ജീവിതമാണ് ഞാൻ നയിക്കുന്നത്, അപ്പോൾപിന്നെ രക്ഷിക്കപ്പെടണമെന്നു നിങ്ങൾ പറയുന്നതിൽ എന്താണ് പ്രസക്തി?" അവരുടെ കുഴപ്പമെന്തെന്നാൽ അവർ നോക്കുന്നത് മനുഷ്യരെയാണ്, അല്ലാതെ കർത്താ

വിന്റെ കല്പനകളെയല്ല. നമ്മുടെ നീതിപ്രവൃത്തികളല്ലാ നമ്മെ രക്ഷിക്കുന്നത്, പിന്നെയോ യേശുക്രിസ്തു നമുക്കുവേണ്ടി ചെയ്ത പ്രവൃത്തികളിലുള്ള ആശ്രയമാണ് നമ്മെ രക്ഷിക്കുന്നത് (തീത്തോസ് 3:5). അതേ സത്യം നമുക്ക് എഫെസ്യർ 2:8, 9 ൽ കാണാം:"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു. അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല." ദൈവകൃപയാൽ രക്ഷിക്കപ്പെടുന്നതിനാൽ നമുക്ക് പ്രശംസിക്കുവാനായി ഒന്നുമില്ല.

കൃപയാലുള്ള രക്ഷ എന്നതാണ് റോമാ ലേഖനത്തിലെ മുഖ്യ വിഷയം(റോമർ 3:23-25; 5:1; 5:8-10 ഉം 6:3, 4 ഉം. "എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി; എന്നാൽ ദൈവകൃപയാൽ നാം സൗജന്യമായി നീതീകരിക്കപ്പെട്ട് അവനാൽ വീണ്ടെടുക്കപ്പെട്ടതിനാൽ വിശ്വാസത്താൽ അവന്റെ രക്തത്താൽ പാപത്തിന് പ്രായശ്ചിത്തം ലഭിച്ചിരിക്കുന്നു..."നാം ശത്രുക്കളായിരുന്നപ്പോൾ, ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചത്" നമ്മെ സംബന്ധിച്ച് വളരെ വിലയുള്ളതാണ്. അവൻ നമുക്കുവേണ്ടി ദരിദ്രനായി തീർന്ന കൃപയാൽ നാം സമ്പന്നരായി തീർന്നു(2 കൊരിന്ത്യർ 8:9). യേശു സ്വർഗത്തിലായിരുന്നപ്പോൾ അവൻ ദൈവത്തോടുകൂടെ ആയിരുന്നു, അവൻ ദൈവമായിരുന്നു. ആകയാൽ അവന്റെ സമ്പന്നതയെ നമുക്ക് ഊഹിക്കുവാൻ പോലും കഴിയാത്തതാണ്.

ചിലർ മാറുവാൻ മടിക്കുന്നു. അതിനാൽ അവർ ദൈവവചനം കേൾക്കുവാൻ പോലും താൽപര്യം കാണിക്കുന്നില്ല. നാം മാറണമെന്നാണ് ദൈവവും യേശുവും ആഗ്രഹിക്കുന്നത്. തിരുവെഴുത്തിൽ എല്ലാവരും മാനസാന്തരപ്പെടുവാനാണ് പറഞ്ഞിരിക്കുന്നത്. ഇല്ലെങ്കിൽ നാശമാണ്(ലൂക്കൊസ് 13:3). ഒരാൾ തന്റെ പാപത്തിൽനിന്നു തിരിയാതെ രക്ഷിക്കപ്പെടുവാൻ സാധ്യമല്ല. യേശുക്രിസ്തു മുഖാന്തരമല്ലാതെ ആരും പിതാവായ ദൈവത്തിന്റെ അടുക്കൽ എത്തുന്നില്ല. കാരണം അവൻ മാത്രമാണ് സ്വർഗത്തിലേക്കുള്ള ഏക വഴി. സകല അധികാരവും ക്രിസ്തുവിനാണുള്ളത്, അവൻ എല്ലാറ്റിന്റേയും തലയാണ്. കർത്താവ് രക്ഷിക്കുന്ന ഏക സഭ ക്രിസ്തുവിന്റേതാണ്. മനുഷ്യനിർമ്മിതമായ സഭകളെല്ലാം മാനുഷികവഴികളാണ് പഠിപ്പിക്കുന്നത്. ദൈവത്താൽ രക്ഷിക്കപ്പെടണമെന്നുണ്ടെങ്കിൽ നാം ദൈവ വഴി സ്വീകരിക്കണം.

ചിലർ മാതാപിതാക്കൾക്കും പാരമ്പര്യത്തിനും കീഴ്പ്പെട്ട് ദൈവത്തിന് കീഴ്പ്പെടാതിരിക്കുന്നു. പ്രിയരേ നാം ആത്മാക്കളുടെ രക്ഷകനായ യേശുവിനും അവന്റെ വചനത്തിനുമാണ് കീഴ്പ്പെടേണ്ടത്. മനുഷ്യരേക്കാൾ നാം ദൈവത്തെ അനുസരിക്കേണ്ടതാണ്.

✶

## അത്ഭുതങ്ങളുടെ ഉദ്ദേശം എന്തായിരുന്നു?

### ഗൈ വി. കാസ്കെ

ബൈബിളിൽ പഴയനിയമത്തിലും പുതിയനിയമത്തിലും ധാരാളം അത്ഭുതങ്ങൾ നടന്നതായി പ്രതിപാദിച്ചിട്ടുണ്ട്. അവയ്ക്കെല്ലാം ഉദ്ദേശങ്ങളുണ്ടായിരുന്നു. മാനുഷികമായ കാരണങ്ങൾ അതിനു കണ്ടെത്തേണ്ട ആവശ്യമില്ല കാരണം ബൈബിൾ തത്വങ്ങൾ വളരെ വ്യക്തമായി നമുക്ക് ഉണ്ട്. അതുകൊണ്ട് ആരും ഊഹത്തിൽ കുടുങ്ങി പോകരുത്. അസാധാരണവും അത്ഭുതകരവുമായ പ്രവൃത്തികൾ ദൈവം പ്രവർത്തിക്കുമ്പോൾ, അത് നിലനില്ക്കുന്നതും പ്രത്യേകമായി മനുഷ്യരെ ചിലതു അതു മുഖാന്തരം പഠിപ്പിക്കയും ചെയ്യുന്നുണ്ട്. പക്ഷെ വ്യാജപ്രചരണത്തിലോ വ്യാജമായ അത്ഭുതത്തിലോ വിശ്വസിക്കുവാൻ ശ്രമിക്കരുത്. ദൈവം ചെയ്ത അത്ഭുതപ്രവൃത്തികളെല്ലാം വാസ്തവമായി സംഭവിച്ചവയും ആളുകൾക്ക് കാണത്തക്കവണ്ണം നടന്നവയുമായിരുന്നു.

നാമധേയ വിഭാഗങ്ങളിൽ ചിലത് അത്ഭുതങ്ങൾ ചെയ്യുവാൻ കഴിയുമെന്ന് അവകാശപ്പെടുന്നുണ്ട്. പ്രത്യേകിച്ച് അത്ഭുതരോഗശാന്തി നടത്തുവാൻ കഴിയുമെന്ന് പറയുന്നുണ്ട്. ഇന്നും പരിശുദ്ധാത്മാവിന്റെ അത്ഭുതവരങ്ങളായ, രോഗികളെ സൗഖ്യമാക്കുവാനും, അന്യഭാഷയിൽ സംസാരിക്കുവാനും, പ്രവചിക്കുവാനും സാധിക്കുമെന്ന് പറയപ്പെടുന്നു. ദൈവത്തിൽനിന്നു നേരിട്ട് തങ്ങളിൽ ശക്തി വ്യാപരിക്കുന്നു എന്നാണ് അവരുടെ വാദം. കൂടാതെ ആളുകൾ അത് വിശ്വസിക്കേണ്ടതിന് മുൻപ് നടന്നതായി പ്രഖ്യാപിക്കുന്ന പല സംഭവങ്ങളും അവർ പറയുകയും ചെയ്തേക്കാം. അവരെ വെല്ലു

വിളിച്ച് ആരെങ്കിലും കുരുടനെയോ ഒരു കുഷ്ഠരോഗിയേയോ കൊണ്ടുവരികയും അവർക്ക് സൗഖ്യമാക്കുവാൻ കഴിയാതെ വരികയും ചെയ്യുമ്പോൾ അവർ പഴിക്കുന്നത് കൊണ്ടുവന്നവർക്ക് വിശ്വാസമില്ലാ എന്നാണ്.

അത്ഭുതരോഗശാന്തി അവകാശപ്പെടുന്ന സംഘങ്ങൾ പഠിപ്പിക്കുന്ന ഉപദേശങ്ങൾ തന്നെ വൈപരീത്യമുളവാക്കുന്നവയാണ്. ദൈവം തന്റെ ശക്തി അത്ഭുതങ്ങളിൽ കൂടെ വെളിപ്പെടുത്തിയിരുന്നു. വെളിപ്പെടുത്തലുകൾ വാസ്തവത്തിലുള്ളവയും വിശ്വസനീയവുമാണെന്ന് ബോധ്യമാക്കുവാൻ ദൈവം അത്ഭുതം പ്രവർത്തിച്ചിരുന്നു. ഫറവോന്റെ അടുക്കലേക്ക് ദൈവം മോശെയെ അയച്ചപ്പോൾ, അതിന്റെ ആധികാരികത ഉറപ്പുവരുത്തുവാനും വാസ്തവത്തിൽ ദൈവം തന്നെയാണ് അവനെ അയച്ചതെന്ന് ഉറപ്പുവരുത്തുവാനും അവൻ ഫറവോന്റെ മുൻപിൽ അത്ഭുതം ചെയ്തു. കൂടാതെ മറ്റു പ്രവാചകന്മാരും പഴയനിയമകാലത്ത് പല രീതിയിലുള്ള അത്ഭുതങ്ങൾ ചെയ്തു. അവർ അരുളിച്ചെയ്ത മുന്നറിയിപ്പുകൾ ദൈവത്തിൽനിന്നു തന്നെയാണെന്ന് ഉറപ്പിക്കുന്നതിനായിരുന്നു അവയെല്ലാം.

ശരിയായ അത്ഭുതം ചെയ്യുവാൻ ആർക്കാണ് ശക്തിയുള്ളത്? ദൈവപുത്രനും മനുഷ്യപുത്രനുമായി ഈ ഭൂമിയിൽ വന്ന യേശുവിന് ശക്തിയുണ്ടായിരുന്നു. തന്റെ ഈ ഭൂമിയിലെ ശുശ്രൂഷാ വേളയിൽ അവൻ ധാരാളം അത്ഭുതങ്ങൾ ചെയ്തിരുന്നു. ഈ മനുഷ്യൻ അനേകം അടയാളങ്ങൾ ചെയ്യുന്നു എന്ന് യഹൂദന്മാർ അവനെ കുറിച്ച് സാക്ഷ്യപ്പെടുത്തി(യോഹന്നാൻ 11:47). മരിച്ചവരെ പോലും അവൻ ഉയിർത്തെഴുന്നേൽപിച്ചു. സാധാരണ സംഭവിക്കുവാൻ സാധ്യതയില്ലാത്തതായിരുന്നു അത്. അവൻ കുരുടന്റെ കണ്ണു തുറന്നു(മത്തായി 9:27-30). ചെകിടന്റെ ചെവി തുറന്നതിനാൽ കേൾക്കുവാനും ഊമന്റെ നാവിനെ സംസാരിക്കുമാറാക്കുവാനും മറ്റാർക്കും കഴിയാത്ത പ്രവൃത്തിയായിരുന്നു(മർക്കൊസ് 7:32-35). തനിക്ക് ജനത്തോട് മനസലിവുണ്ടെന്ന് കാണിച്ച് തന്റെ അടുക്കൽ വന്ന സകല രോഗികളെയും വ്യാധിക്കാരെയും അവൻ സുഖപ്പെടുത്തി. താൻ ദൈവപുത്രനാണെന്ന് ആളുകൾ വിശ്വസിക്കേണ്ടതിനായിരുന്നു അവൻ അത്ഭുതങ്ങളെല്ലാം ചെയ്തത്. ദൈവം മുന്നറിയിച്ചിരുന്ന

മശിഹയാണ് താനെന്ന് പറഞ്ഞിട്ട് പോലും ആളുകൾക്ക് അവനിൽ വിശ്വസിക്കുവാൻ കഴിയാതെ വന്നു. അപ്പോഴാണ് യേശു തന്റെ ദൈവികമായ അധികാരം ഉപയോഗിച്ചത്. അവനിൽ വിശ്വാസം അർപ്പിച്ചാൽ മാത്രമെ ആളുകൾക്ക് നിത്യജീവൻ ലഭിക്കയുള്ളു എന്നതാണ് ദൈവികമായ സത്യം.

യേശുക്രിസ്തു തിരഞ്ഞെടുത്തു പരിശീലിപ്പിച്ച് തന്റെ ദൗത്യനിർവ്വഹണത്തിനയച്ച അപ്പൊസ്തലന്മാരും അത്ഭുതം ചെയ്തിരുന്നു. അവർക്ക് യേശു അതിനുള്ള അധികാരം നൽകിയിരുന്നു. അവൻ അവരെ അടുക്കൽ വിളിച്ചു അശുദ്ധാത്മാക്കളെ പുറത്താക്കുവാനും സകലവിധദീനവും വ്യാധിയും പൊറുപ്പിപ്പാനും അവർക്ക് അധികാരം കൊടുത്തു. പിന്നെ അവൻ അവരോട്, "സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു ഘോഷിപ്പിൻ, രോഗികളെ സൗഖ്യമാക്കുവിൻ, മരിച്ചവരെ ഉയർപ്പിപ്പിൻ, കുഷ്ഠരോഗികളെ ശുദ്ധരാക്കുവിൻ, ഭൂതങ്ങളെ പുറത്താക്കുവിൻ" എന്നു പറഞ്ഞു(മത്തായി 10:7-10). അതുകൂടാതെ പരിശുദ്ധാത്മാവിന്റെ ശക്തിയും അവർക്ക് വാഗ്ദാനം ചെയ്തിരുന്നു. "പിതാവ് വാഗ്ദാനം ചെയ്തതിനെ ഞാൻ നിങ്ങളുടെമേൽ അയക്കും, നിങ്ങളോ ഉയരത്തിൽനിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്നും അവരോട് പറഞ്ഞു"(ലൂക്കൊസ് 24:49).

അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവ് ശക്തിയോടുകൂടി വന്നതിനാൽ അവർക്ക് സകല സത്യവും ഉപദേശിക്കുവാൻ കഴിഞ്ഞു. കൂടാതെ പരിശുദ്ധാത്മാവ് അവരെ സകലസത്യത്തിലും വഴിനടത്തുകയും, ആവശ്യമായ എല്ലാ സത്യവും എഴുതുവാൻ ആത്മാവ് അവരെ ശക്തീകരിക്കുകയും ചെയ്തു. ഇതിനെ കുറിച്ച് അപ്പൊസ്തലനായിരുന്ന പൗലൊസ് ഇപ്രകാരം പറയുകയുണ്ടായി"ലോകസൃഷ്ടിക്കു മുൻപേ നമ്മുടെ തേജസിന്നായി മുൻനിയമിച്ചതും മറഞ്ഞിരുന്നതുമായ ദൈവത്തിന്റെ ജ്ഞാനമത്രേ മർമ്മമായി ഞങ്ങൾ പ്രസ്താവിക്കുന്നു"(1 കൊരിന്ത്യർ 2:7). നമുക്കോ ദൈവം തന്റെ ആത്മാവിനാൽ അത് വെളിപ്പെടുത്തിയിരിക്കുന്നു. ആത്മാവ് സകലത്തെയും, ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു എന്നാണ് അപ്പൊസ്തലൻ വ്യക്തമാക്കിയിരിക്കുന്നത്. സുവിശേഷം അപ്പൊസ്തലന്മാരിലേക്ക് പകർന്നു കൊടുത്തത് ആത്മാവായിരുന്നു. യേശു

അവരെ പഠിപ്പിച്ച കൽപനകളെല്ലാം അങ്ങനെ തന്നെ ഉപദേശിപ്പാൻ അവർക്കു കഴിഞ്ഞു. കാരണം ആത്മാവ് അവരെ സകല സത്യത്തിലും വഴി നടത്തിയിരുന്നു. കർത്താവിന്റെ വചനം തെറ്റു കൂടാതെ സംസാരിക്കുവാനും എഴുതി തീർക്കുവാനും കഴിഞ്ഞതിനാൽ നമുക്ക് പൂർണ്ണമായ വചനം ലഭിച്ചു.

അപ്പൊസ്തലനായ പൗലൊസ് സുവിശേഷ മർമ്മത്തെ കുറിച്ച് പറയുന്നത് ശ്രദ്ധിക്കുക, "ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെട്ടതുപോലെ പൂർവ്വകാലങ്ങളിൽ മനുഷ്യർക്ക് അറിയായ്വന്നിരുന്നില്ല. അതോ ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം എന്നുള്ളതു തന്നെ"(എഫെസ്യർ 3:5, 6). അപ്പൊസ്തലന്മാർ കർത്താവിൽനിന്നു ലഭിച്ച വചനം പ്രസംഗിച്ചുകൊണ്ടേയിരുന്നു. തെസലൊനിക്യയിലുള്ള ക്രിസ്ത്യാനികളെ ഉറപ്പിക്കുവാൻ ദൈവശ്വാസിയമായി പൗലൊസ് പറയുന്നു, "ഞങ്ങൾ പ്രസംഗിച്ച ദൈവവചനം നിങ്ങൾ കേട്ടു, മനുഷ്യന്റെ വചനമായിട്ടല്ല, സാക്ഷാൽ ആകുന്നതുപോലെ ദൈവവചനമായിട്ടു തന്നെ കൈക്കൊണ്ടതിനാൽ ഞങ്ങൾ ഇടവിടാതെ സ്തുതിക്കുന്നു"(1 തെസലൊനിക്യർ 2:13).

പരിശുദ്ധാത്മാവ് അപ്പൊസ്തലന്മാർക്ക് സത്യം വെളിപ്പെടുത്തിക്കൊടുത്തു എന്നു തെളിയിക്കുന്ന മറ്റൊരു വേദഭാഗം കൂടെ നോക്കുക. "സ്വർഗത്തിൽനിന്ന് അയച്ച പരിശുദ്ധാത്മാവിനാൽ നിങ്ങളോട് സുവിശേഷം അറിയിച്ചവർ അത് ഇപ്പോൾ നിങ്ങളെ ഗ്രഹിപ്പിച്ചിരിക്കുന്നു. അതിലേക്ക് ദൈവദൂതന്മാരും കുനിഞ്ഞു നോക്കുവാൻ ആഗ്രഹിക്കുന്നു"(1 പത്രൊസ് 1:12).

സത്യം പരിശോധിക്കുവാനും ഉറപ്പിക്കുവാനുമായിരുന്നു അത്ഭുതങ്ങൾ നടന്നത്. യേശു മഹത്തായ ആജ്ഞ കൊടുത്തു ശിഷ്യന്മാരെ അയക്കുമ്പോൾ അവർ ചെയ്തതിനെ വിവരിച്ച് മർക്കൊസ് പറഞ്ഞു, "അവർ പുറപ്പെട്ടു എല്ലാടത്തും പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിച്ചും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു"(മർക്കൊസ് 16:20). ആ സമയത്ത് പുതിയ നിയമം എഴുതപ്പെടാതിരുന്നതിനാൽ, അവരുടെ വാക്കുകൾ

സ്ഥിരീകരിക്കേണ്ട ആവശ്യമുണ്ടായിരുന്നു. അവർ ക്രിസ്തുവിനെ കുറിച്ച് പ്രസംഗിച്ച സുവിശേഷ സന്ദേശം ആളുകൾ വിശ്വസിക്കുവാൻ ആവശ്യമായ തെളിവായിരുന്നു വീര്യപ്രവൃത്തികൾ. ദൈവം മനുഷ്യരെ രക്ഷിക്കുവാനായി ഒരുക്കിയ പദ്ധതി ആളുകൾ സ്വീകരിച്ചില്ലെങ്കിൽ എന്തുസംഭവിക്കുമെന്നു ദൈവം പറഞ്ഞിരിക്കുന്നു.

എബ്രായലേഖകൻ പറയുന്നു, "കർത്താവ് താൻ പറഞ്ഞു തുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും സാക്ഷി നിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ചു തന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?"(എബ്രായർ 2:3, 4). അവയെല്ലാം വിശ്വസിക്കത്തക്ക അമാനുഷ തെളിവുകളായിരുന്നു. ദൈവശ്വാസിയമായ വചനം പൂർണ്ണമായും അപ്പൊസ്തലന്മാരാലും പ്രവാചകന്മാരാലും എഴുതിയിരിക്കുന്നതാണ് ദൈവികമായ അരുളപ്പാട്. അപ്പൊസ്തലനായ പൗലൊസ് തിരുവചനത്തെ കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക, "എല്ലാ തിരുവെഴുത്തും ദൈവശ്വാസിയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിയിലും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്ന് ഉപദേശത്തിനും ശാസനത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു"(2 തിമൊഥെയൊസ് 3:16, 17).

ഒരിക്കൽ ദൈവം തന്റെ വചനം ഉറപ്പിച്ചു കഴിഞ്ഞതിനാലും തന്റെ വെളിപ്പാട് മുഴുവനും അരുളിച്ചെയ്തതിനാലും മറ്റൊരു വെളിപ്പാടിന്റെ ആവശ്യമില്ല, ഉറപ്പിച്ച വചനം വീണ്ടും ഉറപ്പിക്കേണ്ട ആവശ്യവുമില്ല. അതുകൊണ്ടാണ് എഴുതപ്പെട്ട വചനത്തോട് ആരും കൂട്ടുകയോ കുറക്കുകയോ ചെയ്യരുത് എന്നു നിഷ്ക്കർഷിച്ചിരിക്കുന്നത്. അങ്ങനെ ചെയ്താൽ ആ വ്യക്തി ശിക്ഷിക്കപ്പെടും. അത്ഭുതങ്ങളും അടയാളങ്ങളും തുടരേണ്ടതുണ്ടോ? "സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല, പ്രവചനവരമോ അത് നീങ്ങി പോകും, ഭാഷാവരമോ അത് നിന്നുപോകും, ജ്ഞാനമോ അതു നീങ്ങി പോകും, അംശമായി മാത്രം നാം അറിയുന്നു, പൂർണ്ണമായതു വരുമ്പോഴോ അംശമായതു നീങ്ങി പോകും"(1 കൊരിന്ത്യർ 13:8–10).

ദൈവേഷ്ടം ഒരിക്കൽ ഒരു ഭാഗം മാത്രമെ വെളിപ്പെടുത്തിയി

രുന്നുള്ളു. അപ്പൊസ്തലന്മാർക്ക് പോലും ആദ്യം വചനം പൂർണ്ണമായി നൽകിയിരുന്നില്ല, കാരണം അതു തെറ്റു കൂടാതെ പ്രസ്താവിക്കുവാൻ അവർക്ക് പരിശുദ്ധാത്മാവിന്റെ സഹായം ആവശ്യമായിരുന്നു. അതുവരെ അത്ഭുതങ്ങളും പ്രവചനങ്ങളും അത്ഭുതവരങ്ങളും അനിവാര്യമായിരുന്നു. അങ്ങനെ സുവിശേഷം വെളിപ്പെടുത്തി ഉറപ്പിച്ചുകൊടുത്തു. എന്നാൽ പൗലൊസ് പറഞ്ഞ പൂർണ്ണമായതു ക്രിസ്തുവാണെന്നും അവന്റെ വരവിൽ മാത്രമെ വെളിപ്പാട് പൂർണ്ണമാകയുള്ളു എന്നുമാണ് ചിലർ കരുതുന്നത്. പക്ഷെ അവിടെ അത് എന്ന് പറഞ്ഞിരിക്കുന്നത് ഒരിക്കലും ഒരു വ്യക്തിയെയല്ല എന്ന് വ്യാകരണം അറിവുള്ള എല്ലാവരും സമ്മതിക്കും. അത് എന്ന് പറയുന്നത് ഒരു പ്രസ്താവനയെ അല്ലെങ്കിൽ ഒരു വസ്തുവിനെയാണ് സൂചിപ്പിക്കുന്നത്. ആ സമയത്ത് വചനമാണ് പൂർണ്ണമാകുവാനിരുന്നത്. ദൈവികമായി അറിവ് ആളുകളിലേക്ക് മുഴുവൻ എത്തിക്കേണ്ടതു ആത്മാക്കളുടെ രക്ഷക്ക് അത്യന്താപേക്ഷിതമായിരുന്നു.

പുതിയനിയമം പ്രാബല്യത്തിൽ വരുന്നത് പഴയനിയമത്തിന് നീക്കം വരുത്തിയിട്ടാണ്. പഴയനിയമത്തേക്കാൾ ശ്രേഷ്ഠമായ നിയമം ആളുകളുടെ ഹൃദയങ്ങളിൽ എഴുതപ്പെടണം. ക്രിസ്തുവിന്റെ വചനത്താലും, അവന്റെ രക്തത്താലും ആണ് ശുദ്ധീകരണം നടക്കുന്നത്. വചനം പൂർണ്ണമായാൽ മാത്രമെ നമുക്ക് അതുകൊണ്ട് ദൈവം ഉദ്ദേശിക്കുന്ന ഫലം ലഭിക്കുകയുള്ളു. നമ്മെ തികവുള്ളവരാക്കി മാറ്റുകയാണ് ദൈവത്തിന്റെ ഉദ്ദേശം. വിശുദ്ധന്മാരുടെ യഥാസ്ഥാനത്തിനു ഉതകുന്നതായ തിരുവചനമാണ് എല്ലാ മനുഷ്യരെയും രക്ഷിക്കുന്നത്. ദൈവത്തിന്റെ ആലോചന എല്ലാം അറിയുകയും വേണം. അജ്ഞതയാൽ ചിലർ നഷ്ടപ്പെട്ടുപോകും. ആകയാൽ ദൈവേഷ്ടം അപൂർണ്ണമായിട്ടല്ല, പൂർണ്ണമായിട്ടു തന്നെ നാം അറിയണം.

ഇനി ഒരു പുതിയ സത്യം ആവശ്യമില്ല, കാരണം നമ്മുടെ ജീവനും ഭക്തിക്കും വേണ്ടുന്നതൊക്കെ ദൈവം നമുക്ക് ദാനമായി തന്നിരിക്കുന്നു. അത് അവന്റെ വെളിപ്പാടുകളായ പുതിയനിയമം വായിച്ചാൽ നമുക്ക് ഗ്രഹിക്കാം. അപ്പൊസ്തലന്മാരും പ്രവാചകന്മാരും വെളിപ്പെടുത്തിയ സുവിശേഷം ഒരിക്കലായി എന്നേക്കുമായി വെളിപ്പെടുത്തിയിരിക്കയാണ്. ഇനി ആരെങ്കിലും വേറൊരു സുവി

ശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ എന്നാണ് അപ്പൊസ്തലൻ തന്നെ രേഖപ്പെടുത്തിയിരിക്കുന്നത്(ഗലാത്യർ 1:6-9). ഇപ്പോൾ ദൈവഹിതം എന്തെന്നു തിരിച്ചറിഞ്ഞ് രൂപാന്തരപ്പെടുക.

# ലോകത്തെ മാറ്റിയ പോരാട്ടം

## പാട്രിക്ക് ബോയ്നെസ്

ദൈവവും സാത്താനുമായുള്ള പോരാട്ടം ആരംഭിച്ചിട്ട് അസംഖ്യം വർഷങ്ങളായി. സാത്താൻ ദൈവത്തോട് പക വെച്ചുകൊണ്ടിരിക്കുന്നതിന്റെ കാരണം ദൈവം അവനെ ശിക്ഷിച്ചതുകൊണ്ടാണ്. അവന്റെ ശിക്ഷയുടെ പ്രത്യേകത എന്തെന്നാൽ അവന് ഇനി അതിൽനിന്നു മോചനമില്ലെന്ന അറിവായിരിക്കാം. ആ യുദ്ധം ഏതൊരു സമയത്തും നിന്നുപോകാം. പക്ഷെ ദൈവം അവനെ അതിനു അനുവദിക്കുന്നു എന്നതാണ് മറ്റൊരു കാര്യം. സാത്താന്റെ ഉത്ഭവത്തെ കുറിച്ചും അവന്റെ പ്രവൃത്തികളെ കുറിച്ചും പല ചോദ്യങ്ങളും ഉയർന്നിട്ടുണ്ട്. നമുക്ക് അറിയേണ്ടതിനു തിരുവെഴുത്തിൽ വെളിപ്പെടുത്തിയ സത്യത്തിൽ നാം തൃപ്തരാകണം എന്നു മാത്രം. ദൈവവും സാത്താനുമായി യുദ്ധം ആരംഭിച്ച സംഭവത്തിലേക്ക് നമുക്ക് ഒന്നു കണ്ണോടിക്കാം. ദൈവം സൃഷ്ടിച്ചതല്ലാതെ മറ്റൊന്നുമില്ല എന്നു തീർച്ചയാണ്. കാരണം ദൈവം തന്നെ അത് വെളിപ്പെടുത്തിയിരിക്കുകയാണ്. എല്ലാം ദൈവത്തിന്റെ സൃഷ്ടിത്വത്തിൽ പെടുന്നു എന്ന് ആദ്യം തന്നെ മനസിലാക്കുക.

യെശയ്യാ പ്രവാചകൻ പറയുന്നതു കേൾക്കുക, “അരുണോദയ പുത്രനായ ശുക്രാ നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തി കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു! ഞാൻ സ്വർഗത്തിൽ കയറും, എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്ക് മീതെ വെക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും. ഞാൻ മേഘോന്നതങ്ങൾക്ക് മീതെ കയറും. ഞാൻ അത്യുന്നതനോട് സമനാകും എന്നല്ലൊ നീ ഹൃദയത്തിൽ പറഞ്ഞത്. എന്നാൽ നീ പാതാളത്തിലേക്ക് നാശകൂപത്തിന്റെ അടിയിലേക്കു തന്നെ

വീഴും"(യെശയ്യാവ് 14:12–15). ദൂതന്മാർ പാപം ചെയ്തപ്പോൾ ദൈവം അവരെ ആദരിക്കാതെ അവരെ അന്ധതമസിന്റെ ചങ്ങലയിട്ട് നരകത്തിൽ ന്യായവിധിക്കായി കാപ്പാൻ ഏൽപിച്ചിരിക്കുന്നു എന്നാണ് പത്രൊസ് രേഖപ്പെടുത്തിയിരിക്കുന്നത്. ദൈവത്തെ സേവിക്കുവാൻ നിയോഗിക്കപ്പെട്ടവരായിരുന്നു ദൈവ ദൂതന്മാർ.

ദൈവദൂതന്മാർക്ക് ദൈവം വലിയ സ്ഥാനമായിരുന്നു നൽകിയിരുന്നത്. അവർ അത് സ്വയം നഷ്ടപ്പെടുത്തി. എന്തുകൊണ്ടാണ് അവൻ നിഗളിച്ച് ദൈവത്തോട് എതിർത്തത് എന്നു നമ്മോട് പറഞ്ഞിട്ടില്ല. പക്ഷെ പാപം ചെയ്ത ദൂതനെ ദൈവം ഭൂമിയിലേക്ക് തള്ളിയിട്ടു. ഭൂമിയിലായ സാത്താൻ മനുഷ്യരെ ദൈവകൽപന ലംഘിക്കുവാൻ പ്രലോഭിപ്പിക്കയും പ്രേരിപ്പിക്കയും ചെയ്തുകൊണ്ടിരിക്കുകയാണ്. മനുഷ്യജീവിതം കുഴപ്പത്തിലാക്കുന്നത് പിശാചാണ്. അവൻ ആരെ വിഴുങ്ങേണ്ടു എന്ന നിലയിൽ ഊടാടി നടക്കുകയാണ്(1 പത്രൊസ് 5:8). ആളുകൾ എക്കാലവും പാപം ചെയ്യുന്നതുകൊണ്ടാണ് അവർ മരിക്കുന്നത്. പാപത്തിന്റെ ശിക്ഷയനുഭവിക്കാതെ തരമില്ല. വ്യക്തികളെ വഞ്ചിക്കുകയും നാശത്തിലേക്ക് വീഴ്ത്തുകയും ചെയ്യുക എന്നതാണ് സാത്താൻ ആവിഷ്ക്കരിക്കുന്ന തന്ത്രം. അധർമ്മം ചെയ്തു ദൈവത്തെ കോപിപ്പിക്കുവാൻ അദൃശ്യമായി സാത്താൻ ആളുകളുടെ ഉള്ളിൽ കടന്ന് അവരുടെ ഹൃദയം കൈവശമാക്കും.

ദൈവം ഓരോ കാലഘട്ടത്തിലും ദൈവപുരുഷന്മാരെയും പ്രവാചകന്മാരെയും ജനത്തിനിടയിലേക്ക് അയച്ചു ദൈവസന്ദേശം അറിയിച്ചുവെങ്കിലും അവർ ദുഷ്ടനെയാണ് കേട്ട് വിശ്വസിച്ച് അനുസരിച്ചു വന്നത്. അധർമ്മം പ്രവർത്തിക്കുന്നതിൽ അവർക്ക് താൽക്കാലിക സുഖം പ്രദാനം ചെയ്യും. അനന്തരഫലമോ വളരെ തിക്തമായിരിക്കും. ഇതാണ് ആളുകൾ തിരിച്ചറിയാത്തത്. അവസാനം ദൈവം തന്നെ മനുഷ്യനായി യേശുവിൽ അവതരിച്ചു. അവൻ ദൈവിക ശക്തി പ്രദർശിപ്പിച്ച് തന്റെ സന്ദേശം ദൈവികമാണെന്ന് സ്ഥിരീകരിച്ചു കൊടുത്തു. യേശു ജനിച്ചതുമുതൽ പരീക്ഷകൻ അവന്റെ ജീവിതത്തിൽ ഉടനീളം അവനെ പരീക്ഷിച്ചുകൊണ്ടിരുന്നു.

മനുഷ്യന്റെ ബലഹീനമായ അവസ്ഥ നന്നായി അറിയുന്നവനാണ് സാത്താൻ. യേശു നാൽപതു രാവും നാൽപതു പകലും ഉപവസി

ച്ചപ്പോൾ അവനു വിശന്നു. അപ്പോൾ പരീക്ഷകൻ അടുത്തുവന്നു അവനെ പല രീതിയിൽ തെറ്റിക്കുവാൻ ശ്രമിച്ചു. പക്ഷെ യേശു ദൈവവചനത്തെ ഉദ്ധരിച്ച് പരീക്ഷണത്തെ നേരിട്ടു. അവന്റെ വായിൽ വഞ്ചന ഒന്നും ഇല്ലായിരുന്നു.ക്രൂശിലെ മരണത്തോളം പരീക്ഷിക്ക പ്പെട്ടു.

✶

# വിശ്വാസത്താൽ സ്നാനമേൽക്കൽ

## ജെറി ജെൻകിൻസ്

വിശ്വാസത്തിന് പ്രാധാന്യമുണ്ട്. അതേ സമയം അനുസരിക്കു ന്നതിലേക്ക് വിശ്വാസം നീങ്ങുന്നില്ലെങ്കിൽ അതുകൊണ്ട് പ്രയോജ നമില്ല എന്നു പലരും ചിന്തിക്കുന്നില്ല. ബൈബിളിലെ ഏതു നിയമ ത്തിൻ കീഴിലുള്ളവരായാലും ദൈവത്തിലും അവന്റെ അരുളപ്പാ ടിലും വിശ്വസിച്ചവർ അവൻ ചെയ്യുവാൻ പറഞ്ഞ കാര്യങ്ങൾ അങ്ങനെ തന്നെ ചെയ്തിട്ടുണ്ട്. നാം ദൈവത്തിൽ വിശ്വസിക്കുന്നു എന്നു പറയുകയും അവന്റെ കൽപനകൾ അനുസരിക്കാതിരിക്കു കയും ചെയ്താൽ അത് വിരോധാഭാസം തന്നെയാണ്. ഇന്നു സകല മനുഷ്യരും ദൈവത്തിലും അവൻ അയച്ച അവന്റെ പുത്രനിലും അവന്റെ വചനത്തിലുമാണ് വിശ്വസിക്കേണ്ടത്. പഴയനിയമകാലത്ത് ആളുകൾ യഹോവയിലും അവന്റെ വചനം അഥവാ ന്യായപ്രമാ ണത്തിലുമായിരുന്നു. ഇപ്പോൾ നിലവിലുള്ള നിയമം പുതിയനിയമ മാണ്. നാം എന്തു വിശ്വസിക്കുന്നുവോ അതിന്റെ അടിസ്ഥാനത്തി ലായിരിക്കും നമ്മുടെ പ്രവൃത്തികൾ.

നിങ്ങളെ വിളിച്ചപ്പോൾ ഏകപ്രത്യാശക്കായി നിങ്ങളെ വിളിച്ച തുപോലെ, ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്ന വനുമായി എല്ലാവർക്കും ദൈവവുമായവൻ ഒരുവൻ(എഫെസ്യർ 4:4-7). അവിടെ പറയുന്ന ഏകസ്നാനം വെള്ളത്തിലുള്ള സ്നാന മാണെന്ന് താഴെ കൊടുത്തിരിക്കുന്ന വസ്തുതകളാൽ നമുക്ക് ഉറ

പ്പിക്കാം. പത്രൊസ് അവരെ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിപ്പാൻ കൽപ്പിച്ചു(പ്രവൃത്തികൾ 10:47, 48).യേശു അപ്പൊസ്തലന്മാരെ മഹത്തായ ആജ്ഞ കൊടുത്തയച്ചപ്പോൾ സകലജാതികളെയും യേശുവിന്റെ കൽപനകൾ എല്ലാം പ്രമാണിപ്പാൻതക്കവണ്ണം അവരെ ഉപദേശിക്കയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കയും ചെയ്വിൻ എന്നു കൽപിച്ചിരുന്നു. കാരണം ഒരാൾ ദൈവരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ സ്ത്രീ ആയാലും പുരുഷനായാലും വെള്ളത്താലും ആത്മാവിനാലും ജനിക്കണം. ഒഴിച്ചുകൂടാനാവാത്ത കൽപയാണ് സ്നാനം. അത് വിശ്വസിച്ചിട്ട് ചെയ്യേണ്ടതുമാണ്.

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽക്കുവാൻ പത്രൊസിന്റെ ആദ്യസുവിശേഷപ്രസംഗത്തിൽ നിർദ്ദേശിച്ചിരിക്കുന്നത് വളരെ പ്രസക്തമാണ്. രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്ന് പത്രൊസിന്റെ വാക്കുകൾ വിശ്വസിച്ചവർ ചോദിച്ചു. അതിന്നു പത്രൊസ് പറഞ്ഞത്, നിങ്ങൾ ഓരോരുത്തരും തങ്ങളുടെ പാപങ്ങളിൽനിന്നു മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം നിങ്ങൾക്കു ലഭിക്കും എന്നായിരുന്നു(പ്രവൃത്തികൾ 2:37, 38). ചിലർ രക്ഷക്കായി ദൈവകൃപയിൽ മാത്രമാണ് ആശ്രയിക്കുന്നത്. വിശ്വാസത്തിൽ മാത്രം ആശ്രയിക്കുന്നവരുമുണ്ട്. വിശ്വാസവും കൃപയും അനുസരണത്തെ മാറ്റിനിർത്തുന്നില്ല. പാപത്തിൽ ജീവിക്കുന്നതിനെ ന്യായീകരിക്കുന്നവരാണ് അനുസരണത്തെ എതിർക്കുന്നത്. കൃപ പെരുകേണ്ടതിന്നു പാപം ചെയ്തുകൊണ്ടിരിക്കുന്നത് തികച്ചും തെറ്റാണ്. പാപമോചോനത്തിനു ദൈവം കൽപിച്ചിട്ടുള്ളത് ചെയ്താൽ മാത്രമെ പാപം നീങ്ങുകയുള്ളു. ഉദാഹരണമായി നയമാനോട് ഏലീശാ പ്രവാചകൻ അവന്റെ കുഷ്ഠം മാറുവാൻ യോർദ്ദാൻ നദിയിൽ പോയി ഏഴുപ്രാവശ്യം മുങ്ങുവാനാണ് പറഞ്ഞത്. യോർദ്ദാൻ നദിയിലെ വെള്ളത്തിന് എന്തെങ്കിലും പ്രാധാന്യം ഉള്ളതുകൊണ്ടല്ല മറിച്ച്, അവൻ പ്രവാചകനെ അനുസരിക്കുമോ എന്നുള്ളതായിരുന്നു പരീക്ഷണം. ആദ്യം അവൻ പോയില്ല, എന്നാൽ പിന്നീട് അവനു ബോധ്യമായപ്പോൾ അവൻ പോയി ഏഴു പ്രാവശ്യം മുങ്ങുകയും അവന്റെ കുഷ്ഠം മാറുകയും ചെയ്തു.

അതാണ് അനുസരണത്തിന്റെ വില. മനുഷ്യരെ അനുസരിക്കുന്നതിനേക്കാൾ ദൈവത്തെ അനുസരിക്കുന്നതിന് പ്രാധാന്യമുണ്ട്. കാരണം ദൈവത്തിന് നമ്മെ രക്ഷിക്കുവാനും ശിക്ഷിക്കുവാനും കഴിയും. പുതിയനിയമത്തിൽ യേശുക്രിസ്തുവിനാണ് രക്ഷിക്കുവാനും ശിക്ഷിക്കുവാനുമുള്ള അധികാരം. അതുകൊണ്ട് യേശുക്രിസ്തുവിനെ അനുസരിക്കുന്നതിന് ആരും വിമുഖത കാണിക്കരുത്. വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നു കൽപിച്ചത് കർത്താവാണ്(മർക്കൊസ് 16:16). മനുഷ്യപുത്രനായി മനുഷ്യർക്ക് വേണ്ടി ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ കൽപനകൾ നമ്മുടെ രക്ഷക്കുള്ളവയാണ്. അവയെ ആരും അവഗണിക്കരുത്. നിത്യമായ നാശം ഒഴിവാക്കുവാൻ വേറെ മാർഗമില്ല. ഏക മദ്ധ്യസ്ഥനായ ക്രിസ്തുവിന്റെ വാക്കുകൾ ദൈവത്തോട് ബന്ധപ്പെടുവാൻ കൂടിയേ തീരു. അവൻ മുഖാന്തരമല്ലാതെ ആർക്കും സ്വർഗത്തിൽ പിതാവിന്റെ അടുക്കൽ പോകുവാൻ സാധ്യമല്ല.

പക്ഷെ സ്നാനത്തെ നിസാരമായി കാണുന്നവരും രക്ഷക്ക് സ്നാനം ആവശ്യമില്ലെന്നു പറയുന്നവരും ദൈവത്തിന്റെ അധികാരത്തെ മാനിക്കാത്തവരാണ്. ദൈവകൽപനകളിൽ ഒന്നും നിസാരമായിട്ടുള്ളതല്ല. എല്ലാം പ്രാധാന്യമുള്ളവയാണ്. യേശു മരിച്ചതും അടക്കപ്പെട്ടതും ഉയർത്തെഴുന്നേറ്റതും തിരുവെഴുത്തുകളിൻപ്രകാരമായിരുന്നു. അങ്ങനെയുള്ള യാഗത്തോട് ബന്ധപ്പെടുവാൻ തിരുവെഴുത്തിൽ വെച്ചിരിക്കുന്ന സ്നാനത്തിന്റെ പ്രാധാന്യം ആർക്കു കുറച്ചു കാണുവാൻ കഴിയും? പാപസംബന്ധമായി മരിച്ചവർക്കുള്ളതാണ് വെള്ളത്തിൽ അടക്കമാകുന്ന സ്നാനം. സ്നാനമേറ്റ് വെള്ളത്തിൽനിന്നു കയറിയവർക്കെല്ലാം സന്തോഷമുണ്ടായതായി തിരുവെഴുത്തു സാക്ഷ്യപ്പെടുത്തുന്നു. കാരണം അവർക്ക് അവരുടെ പാപങ്ങൾ മോചിച്ചു കിട്ടി(പ്രവൃത്തികൾ 8:36-39). ആകയാൽ പ്രിയരേ ഏകരക്ഷിതാവും ഏക മദ്ധ്യസ്ഥനുമായി കർത്താവ് രക്ഷിക്കുവാൻ ആവശ്യപ്പെടുന്നതനുസരിക്കുവാൻ നിങ്ങൾ താഴ്മ ധരിക്കുക. അങ്ങനെ പൂർണ്ണമായി അവനു കീഴ്പ്പെടുമ്പോൾ അവൻ നിങ്ങളെ ഉയർത്തി സ്വർഗത്തിലിരുത്തും. തന്നെ അനുസരിക്കുന്നവരുടെ രക്ഷാനായകനായി കർത്താവ് ഇന്നും പ്രവർത്തിക്കുന്നു.

✶

# വിശ്വാസത്തിന് പ്രതിഫലവുമുണ്ട്

ജോൺ. തിസെൻ

വിശ്വസിക്കുന്നവർക്ക് ദൈവത്തിന്റെ മഹത്വം കാണുവാൻ കഴിയും. തന്റെ അടുക്കൽ വരുന്നവർക്ക് ദൈവം പ്രതിഫലം കൊടുക്കുന്നവനാണെന്നത് വിശ്വാസത്തിന്റെ പ്രത്യേകതയാണ്. ദൈവം വാക്കു പാലിക്കുന്നവനാണ്. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല. പ്രതിഫലം ദൈവത്തെ പ്രസാദിപ്പിക്കുന്നവർക്കുള്ളതാണ്. അതേസമയം ഓരോരുത്തർക്കും അവനവന്റെ പ്രവർത്തികൾക്കനുസരിച്ച് അവൻ പ്രതിഫലം കൊടുക്കും. നന്മ ചെയ്യുന്നവർക്ക് അതിനും തിന്മ ചെയ്യുന്നവർക്ക് അതിനും ദൈവത്തിന്റെ പക്കൽ പ്രതിഫലം ഉണ്ട്. നീതിയും ന്യായവും പ്രവർത്തിക്കുന്നവർക്ക് അതിനു ന്യായമായ പ്രതിഫലവും അനീതി പ്രവർത്തിക്കുന്നവർക്ക് അതിനു ന്യായമായ പ്രതിഫലവും ലഭിക്കും. അതാണ് ദൈവത്തിന്റെ നീതി.

പ്രതിഫലം ശക്തമായ പ്രചോദനമാണ് നൽകുന്നത്. പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ജോലി കിട്ടുമെന്ന പ്രതീക്ഷയാണ്. ജോലി ലഭിക്കുന്നവർ തങ്ങൾക്ക് അർഹമായ ശമ്പളം കിട്ടുമെന്ന പ്രതീക്ഷയാണുള്ളത്. നാം എന്തു തന്നെ ചെയ്താലും അത് വെറുതെ ആകുകയില്ല. കാരണം നമ്മെയെല്ലാം നിയന്ത്രിക്കുന്നത് ദൈവമാണ്. അദ്ധ്വാനിപ്പാനുള്ള ആരോഗ്യവും അവസരവും തരുന്നത് ദൈവമാണ്. വ്യാപാരവും വ്യവസായവും ചെയ്യുന്നവർക്ക് ലാഭമാണ് പ്രതീക്ഷ. കായികാഭ്യാസികളും പ്രതിഫലത്തിനായിട്ടാണ് അവരുടെ മൽസരങ്ങളിൽ പങ്കെടുക്കുന്നത്. ഖനികളിൽ പ്രവർത്തിക്കുന്നവരും ശമ്പളം ലഭിക്കുമെന്നതിനാലാണ് ജോലി ചെയ്യുന്നത്. ലൗകികമായി എല്ലാവരും ഇത്തരത്തിൽ പ്രതിഫലത്തിനായി പ്രവർത്തിക്കുമ്പോൾ, ആത്മിയമായി അതിൽനിന്നു മാറി നിൽക്കുവാൻ സാധ്യമല്ല. ലൗകികമായ നിലവാരത്തിനപ്പുറമായി ആത്മിയപ്രവർത്തനങ്ങൾക്ക് ദൈവം നിത്യമായ പ്രതിഫലം ആണ് വെച്ചിരിക്കുന്നത്. ആർക്കും കവർന്നെടുക്കുവാൻ പറ്റാത്ത പ്രതിഫലം ആണ് ദൈവം തന്റെ മക്കൾക്ക് നൽകുമെന്ന് പറഞ്ഞിരിക്കുന്നത്(ശേഷം പേജ് 29 നോക്കുക)

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

ദൈവത്തെ സേവിക്കുന്നവർക്ക് ദൈവം പ്രതിഫലം ഒരുക്കിയിട്ടുണ്ട് എന്ന കാര്യം നമ്മെ സന്തോഷിപ്പിക്കുന്നതാണ്. ഭാവിയിൽ നൽകുവാനിരിക്കുന്ന അധികപ്രതിഫലത്തിനു പുറമെ ഇവിടെയും നമുക്ക് പ്രതിഫലം തരും. ആദ്യം അവന്റെ മക്കളായി തീരുമ്പോൾ നാം അവന്റെ അവകാശങ്ങൾക്ക് ഓഹരിക്കാരായി തീരുന്നു. പിന്നെ നാം അവനെ വിശ്വസ്തതയോടെ സേവിക്കുന്ന സേവനങ്ങൾക്കെല്ലാം അവൻ നമ്മെ അനുഗ്രഹിക്കും. അവസാനത്തോളം കഷ്ടതയും പ്രയാസവുമെല്ലാം സഹിച്ചു നിൽക്കുന്നവർക്ക് ധാരാളം അനുഗ്രഹങ്ങൾ ലഭിക്കും. ലോകത്തിൽ നമുക്ക് ഉപദ്രവവും പീഢയും എല്ലാം ഏൽക്കേണ്ടി വരും. ക്രിസ്തുവിന്റെ നാമം നിമിത്തം പഴിയും നിന്ദയും സഹിക്കേണ്ടി വരും. അതിനും നമുക്ക് പ്രതിഫലം നൽകുമെന്നാണ് ദൈവം പറഞ്ഞിരിക്കുന്നത്. ഏതു വിധത്തിലുള്ള അഗ്നിപരീക്ഷണം നേരിട്ടാലും അതിന് ദൈവം ഒരു പോക്കുവഴിയും ഒരുക്കും എന്നത് ആശ്വാസകരമത്രെ.

ദൈവം എക്കാലത്തും പ്രതിഫലം നൽകുമെന്ന് അരുളിച്ചെയ്തിട്ടുണ്ട്. പുരാതനകാലം മുതൽക്ക് ബൈബിൾ ചരിത്രം അതിനെ സാക്ഷ്യപ്പെടുത്തുന്നു. ദൈവം തന്നെ അനുസരിക്കുന്നവർക്ക് എന്തെല്ലാം നൽകുമെന്ന് എല്ലാ കാലഘട്ടത്തിലും അരുളിച്ചെയ്തിട്ടുണ്ട്. നോഹയോട് പെട്ടകം ഉണ്ടാക്കുവാൻ ആവശ്യപ്പെട്ടപ്പോൾ അവനെയും കുടുംബത്തെയും രക്ഷിക്കാമെന്ന് ദൈവം വാഗ്ദാനം ചെയ്തിരുന്നു. ആ തലമുറയെ മുഴുവൻ നശിപ്പിച്ചപ്പോൾ നോഹയെയും കുടുംബത്തെയും ദൈവം രക്ഷിച്ചു. അബ്രഹാമിനോട് ദൈവം കൽപിച്ചതു ചെയ്താൽ അവനും അവന്റെ കുടുംബത്തിനും കനാൻ വാഗ്ദാനം ചെയ്യുകയും അതു നൽകുകയും ചെയ്തു. അത് ലഭിക്കേണ്ടതിന് ദൈവം പറഞ്ഞതെല്ലാം അവൻ അനുസരിക്കേണ്ടിയിരുന്നു(എബ്രായർ 11:8). കൂടാതെ അവനെ വലിയോരു ജാതിയാക്കുമെന്നും ദൈവം പറഞ്ഞിരുന്നു. അബ്രഹാം വിശ്വാസികളുടെ പിതാവായി തീർന്നു. ദൈവത്തോടുള്ള വിശ്വസ്തതക്ക് തക്ക പ്രതിഫലം അവന്നു ലഭിച്ചു.

ഇന്ന് തന്നെത്താൻ ത്യജിച്ച് കർത്താവിനെ അനുഗമിക്കുന്നവർക്ക് കർത്താവ് പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു. തന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും എന്നാണ് കർത്താവ് വാഗ്ദാനം ചെയ്തിരിക്കുന്നത്. തന്റെ അടുക്കൽ വരുന്നവരെ അവൻ ഒരിക്കലും ഉപേക്ഷിക്കുകയില്ല, കൈവിടുകയുമില്ല എന്നു ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. നമ്മുടെ പാപങ്ങൾ മോചിച്ചുതരാമെന്നും, സ്വർഗത്തിൽ നമുക്കായി സ്ഥലം ഒരുക്കി വീണ്ടും വന്നു നമ്മെ ആ സ്വർഗീയ ഭവനത്തിൽ പ്രവേശിപ്പിക്കുമെന്നും വാഗ്ദാനം ചെയ്തിരിക്കുന്നു.

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

Reg. No. K.Dis. 90095/86/A8. Reg. No. KL / TV (N) 22/2012-15

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378

To